ഉത്തരം

വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

ചാലക്കുടി മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

202 (2411) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പാറയം എസ്.സി. കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കുറ്റിച്ചിറ അംബേദ്കർ കോളനികളുൾപ്പെടെയുള്ള വിവിധ എസ്.സി. കോളനികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ പാറയം ഐ.എച്ച്.ഡി.പി. കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

ഭവന പുനരുദ്ധാരണം	20 എണ്ണം
കിണർ മെയിന്റനൻസ്	വ്യക്തിഗതം 8 എണ്ണം പൊതുകിണർ ഒരെണ്ണം
കോൺക്രീറ്റ് റോഡ് & ഡ്രെയിനേജ്	രണ്ടെണ്ണം പൂർത്തിയായി
കമ്മ്യൂണിറ്റി ഹാൾ, അംഗനവാടി & ഇലക്ട്രിക് വർക്സ്	രണ്ടുനില വാർപ്പ് കഴിഞ്ഞു. മൂന്നാം നിലയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.
ശ്മശാനം- ഭൂമി/ചുറ്റുമതിൽ	അറ്റകുറ്റപ്പണികൾനടന്നുകൊണ്ടിരിക്കുന്നു. ചുറ്റുമതിൽ പൂർത്തിയായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് തെരഞ്ഞെടുക്കുന്നത്. പദ്ധതിക്കായി പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

203 (2412) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക സമുദായ വികസന വകുപ്പുവഴി പ്രസ്തുത സമുദായത്തിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള ധനസഹായത്തിനായി 2013-14 -ലെ ബഡ്ജറ്റ് വിഹിതമായി എത്ര തുക ഉൾക്കൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിഹിതമായി 2014-15-ൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-16 ബഡ്ജറ്റിലാണ് ടി പദ്ധതി ആദ്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി) 2015-16-ൽ 255 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

204 (2413) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 80 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചു ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly